**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1467** **07-02-2023 - ൽ മറുപടിയ്ക്ക്**

**തൊഴിൽ മേഖലയിലെ കേരളത്തിന്റെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തൊഴിലില്ലായ്മ നിരക്ക് കുറഞ്ഞതായി സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ ഇക്കോണമി നടത്തിയ പുതിയ പഠന പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്, തൊഴിൽദായക ശേഷി വർദ്ധിക്കുന്നതിന്റെ സൂചനയായി കാണാൻ കഴിയുമോയെന്ന് വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവേ നടത്തുകയോ മറ്റ് വിവരശേഖരണം നടത്തുകയോ തൊഴിൽ വകുപ്പ് ചെയ്യുന്നില്ല. കൂടാതെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമില്ലാത്തതിനാൽതന്നെ സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് വിശകലനം ചെയ്യുന്നതിന് നിർവ്വാഹമില്ല. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ 27,36,469 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൊഴിൽസഭ, ജോബിഫെയറുകൾ, നൈപുണ്യ വികസന പ്രവർത്തനങ്ങൾ എന്നിവ വഴി തൊഴീൽദായകശേഷി വർദ്ധിച്ച് വരുന്നു. |
| (ബി) | സംസ്ഥാനം നടപ്പിലാക്കുന്ന വ്യാവസായിക തൊഴിൽ നയങ്ങൾ സമസ്ത മേഖലകളിലും മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും വേതനവും തൊഴിലാളികൾക്ക് ലഭിക്കുന്നതിന് എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യംവച്ച് സമസ്ത മേഖലകളെയും ഉൾപ്പെടുത്തി സർക്കാർ തൊഴിൽ നയത്തിന്റെ അന്തിമരൂപത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കി കേരളത്തെ ഒരു തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് തൊഴിൽ നയം ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഉത്പ്പാദനക്ഷമതയിലൂന്നിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിച്ച് ലിംഗസമത്വം ഉറപ്പുവരുത്തുക, തൊഴിലാളികൾക്ക് ന്യായമായ വേതനവും ആരോഗ്യ സുരക്ഷയുംഉറപ്പാക്കുക തുടങ്ങി നിരവധി |

| | | | |
|---|---|---|---|
| | | | ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് ഊന്നൽ നൽകിയാണ് തൊഴിൽ നയം രൂപീകരിച്ചിട്ടുള്ളത്. സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുമെന്ന് തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>തൊഴിൽ തർക്കങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് സുദൃഢമായ തൊഴിലാളി തൊഴിലുടമ ബന്ധം ഉറപ്പാക്കുന്നതിനും തൊഴിൽ തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനും മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും തൊഴിൽ നയം സഹായകരമായിട്ടുണ്ട്. തൊഴിൽ നയത്തിലെ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 87 തൊഴിൽ മേഖലകളിൽ 84 തൊഴിൽ മേഖലകളുടെ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലകളുടെ മിനിമം വേതനം കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | ആഗോള തൊഴിൽമേഖലയിൽ ആധുനിക കാലഘട്ടത്തിലെ നൂതന തൊഴിൽ സാധ്യതകൾ മുന്നിൽകണ്ടുകൊണ്ട് പുതിയ തൊഴിൽമേഖലകൾ കണ്ടെത്തുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ആഗോളതലത്തിൽ വൈജ്ഞാനിക തൊഴിൽ മേഖലയിലുൾപ്പടെ കേരളത്തിന്റെ തൊഴിൽ ശേഷിയെ വിന്യസിക്കുന്നതിനും അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതർക്ക് അഭിരുചിക്കും നൈപുണ്യത്തിനും അനുസൃതമായി തൊഴിൽ കണ്ടെത്തുന്നതിന് കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ കേരള നോളജ് എക്കോണമി മിഷൻ എന്ന പ്രത്യേക ദൗത്യപദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരുക്കിയിട്ടുണ്ട്. പ്രാദേശികമായും ആഗോളതലത്തിലും ലഭ്യമായിട്ടുള്ള തൊഴിലുകളെ ഈ സംവിധാനത്തിലൂടെ ക്രോഡീകരിച്ചു നൽകുന്നു.<br><br>കേരള നോളജ് എക്കോണമി മിഷന്റെ ഭാഗമായി തൊഴിലന്വേഷകരെ തിരിച്ചറിയുകയും അനുയോജ്യമായ തൊഴിൽ സാധ്യതകൾ കണ്ടെത്തുകയും കേരളത്തിനും, രാജ്യത്തിനും, അകത്തും പുറത്തുമുള്ള തൊഴിലുകളിലേക്ക് തൊഴിലന്വേഷകരെ നയിക്കുക എന്ന ലക്ഷ്യത്തോടെ തൊഴിൽസഭ എന്ന സൂക്ഷ്മതല ജനകീയ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. 18 നും 59 നും |

| | | | |
|---|---|---|---|
| | | | വയസ്സിനുമിടയിലുള്ള തൊഴിലന്വേഷിക്കുന്ന ആർക്കും തൊഴിൽ-സംരംഭ സാധ്യതകൾ മനസ്സിലാക്കുന്നതിനും ചർച്ചചെയ്യുന്നതിനും സർക്കാർ സംവിധാനങ്ങളുമായി ഇവരെ ബന്ധപ്പെടുത്തുന്നതിനുമുള്ള ജനകീയ ഇടവും ഇടപെടലുമായിരിക്കും തൊഴിൽസഭ. |
| (ഡി) | അഞ്ച് ലക്ഷത്തിലധികം അന്യസംസ്ഥാനതൊഴിലാളികൾ തൊഴിലിനായി കേരളത്തെ ആശ്രയിക്കുന്ന സാഹചര്യത്തിൽ തദ്ദേശീയരായ തൊഴിലാളികൾക്ക് ആഭ്യന്തര തൊഴിൽസാധ്യതാ നിരക്ക് മെച്ചപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാനം പിൻതുടരുന്ന തൊഴിൽ നയങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | അന്യസംസ്ഥാനതൊഴിലാളികളെ സംസ്ഥാനത്ത് വിവിധ ജോലികൾക്ക് നിയോഗിക്കുന്നതുമൂലം തദ്ദേശീയരായ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു എന്നത് സംബന്ധിച്ച് പരാതിയൊന്നും തൊഴിൽ വകുപ്പിൽ ലഭിച്ചിട്ടില്ല. ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് നൈപുണ്യ വികസനത്തിന്റെ ഭാഗമായി Re-Skill, Up-Skill പ്രോഗ്രാമുകളിൽ KASE മുഖേന പങ്കെടുപ്പിക്കുകയും, ഒരു സ്കിൽ രജിസ്ട്രി രൂപീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ജോലി ആവശ്യമുള്ള തൊഴിലാളികൾക്ക് ഒരു സ്റ്റേറ്റ് ജോബ് പോർട്ടൽ ജോബ് ഫെയർ എന്നിവയിൽ ഉൾപ്പെടുത്തി സ്വദേശത്തും, വിദേശത്തും ജോലി നേടുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നു. |

സെക്ഷൻ ഓഫീസർ